ഉത്തരം

ഉണ്ട്. പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിലെ തെള്ളിയൂർ പുറമറ്റം വില്ലേജുകളുടേയും മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ ഊർങ്ങാട്ടിരി, വെറ്റിലപ്പാറ എന്നീ വില്ലേജുകളുടെയും മലപ്പുറം ജില്ലയിൽ ഏറനാട്-പെരുന്തൽമണ്ണ താലൂക്കുകളിൽപ്പെട്ട പാണ്ടിക്കാട്-എടപ്പമറ്റ വില്ലേജുകളുടേയും തിരുവനന്തപുരം താലൂക്കിലെ പട്ടം-ചെറുവയ്ക്കൽ വില്ലേജുകളിലേയും അതിർത്തിയിൽ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റീസർവ്വെ സമയത്ത് പ്രകൃതിദത്തമായ അതിർത്തി സ്വീകരിക്കുന്നതുകൊണ്ടാണ് ഇപ്രകാരം അതിർത്തി വ്യതിയാനങ്ങൾ വരുന്നത്.

പ്രകൃതിക്ഷോഭംമൂലം വീട് നഷ്ടപ്പെട്ടവർക്ക് ധനസഹായം

3 (3562) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭം മൂലം ഇരവിപുരം നിയോജകമണ്ഡലത്തിൽപ്പെട്ട മയ്യനാട്, മൂയം, താന്നി, ഇരവിപ്പുരം, ആദിച്ചമൻതോപ്പ്, കൊളത്തിൽപ്പാട്, പി. എം. ആർ. ആശുപത്രിക്കു സമീപം, കാക്കതോപ്പ് എന്നിവിടങ്ങളിൽ നിരവധി വീടുകൾ നഷ്ടപ്പെടുകയും കൃഷിനാശം സംഭവിക്കുകയും ചെയ്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനകം എന്ത് നടപടികൾ സ്വീകരിച്ചു ;

(സി) ഇത് സംബന്ധിച്ച് റിലീസ് ക്യാമ്പുകൾ തുറന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ക്യാമ്പുകളിൽ എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലം ജില്ലയിൽ ഇരവിപുരം നിയോജകമണ്ഡലത്തിൽ ശക്തമായ കടലാക്രമണത്തിനിരയായ മുപ്പത്തെട്ടോളം കുടുംബങ്ങളെ 2 ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിച്ചിട്ടുണ്ട്. ടി ഭാഗത്ത് കടൽഭിത്തി സ്ഥാപിച്ചിട്ടുണ്ടെങ്കിലും രൂക്ഷമായ കടലാക്രമണം തടയാൻ ഫലപ്രദമായ നിർദ്ദേശങ്ങൾ ഇറിഗേഷൻ വകുപ്പിനോട് ആരാഞ്ഞിരിക്കുകയാണ്.

(സി) ഉണ്ട്. 38 കുടുംബങ്ങളെ 2 റിലീസ് ക്യാമ്പുകളിലായി മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.

ജാതി തെളിയിക്കുന്നതിനുള്ള രേഖകളുടെ അഭാവം

4 (3563) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ, വട്ടവട വില്ലേജുകളിലെ രണ്ടായിരത്തിലധികം കുടുംബങ്ങൾക്ക് ജാതി തെളിയിക്കുന്നതിനുള്ള രേഖകൾ നിലവിൽ ഇല്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly